FREE WINGS DIGITAL MAGAZINE



# FREE WINGS

C P POCKER HAJI MEMORIAL HIGHER SECONDARY SCHOOL

# മുഖമൊഴി

വിവരവിനിമയ സാങ്കേതിക വിദ്യയുടെ പുതുയുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഈ സാങ്കേതിക വിദ്യ ഞങ്ങൾക്ക് അറിവുകൾ നേടിത്തരുന്നതിനും പുതിയ ലോകത്തെ അടുത്തറിയുന്നതിനും ഏറെ സഹായകമാകുന്നു. ഞങ്ങളുടെ കൊച്ചു കൊച്ചു അറിവുകളും കാഴ്ചപ്പാടുകളും കുഞ്ഞുകുഞ്ഞ് ഭാവനകളും ഉൾച്ചേർത്ത് സാങ്കേതികവിദ്യയുടെ സഹായത്താൽ ഞങ്ങളുടെ രചനകൾ ഈ ഡിജിറ്റൽ മാഗസ്സിനിലൂടെ വായനക്കാർക്ക് സമർപ്പിക്കുന്നു.

-ലിറ്റിൽ കൈറ്റ്സ്
സിപിപിഎച്ച്എംഎച്ച്എസ്എസ്



**ആശംസ....**

**നമ്മുടെ സ്ക്കൂളിലെ കുട്ടികൾ , അവരുടെ ചിന്തകളെയും സ്വപ്നങ്ങളെയും  ആവിഷ്കരിച്ച "ഫ്രീ വിംഗ്സ്  " എന്ന  ഈ ഡിജിറ്റൽ മാഗസിന്  എല്ലാ ഭാവുകങ്ങളും  ആശംസിക്കുന്നു.**

**മാനേജർ**
**സിപിപിഎച്ച്എംഎച്ച്എസ്എസ്**



ആശംസ....

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിലെ സർഗ്ഗവാസനകൾ പ്രകാശിപ്പിക്കുന്നതിന് വേണ്ടി തയാറാക്കിയ 'ഫ്രീ വിങ്സ് ' എന്ന ഈ കൊച്ച് ഡിജിറ്റൽ മാഗസ്സിന്റെ പിന്നണിയിൽ പ്രവർത്തിച്ച എല്ലാ പ്രതിഭകൾക്കും പിന്തുണയേകിയ അദ്ധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ
സിപിപിഎച്ച്എംഎച്ച്എസ്സ്എസ്സ്

# എഡിറ്റോറിയൽ ബോർഡ്

മുഹമ്മദ് ദിൽഷാൻ
ഫക്രുദീൻ
മുഹമ്മദ് ഖലീൽ
നസ്റിയ
ഹൃദ്യ എ.പി
നഹിമ നവ
സഞ്ജന

# സത്യം

കുഴിമടിയനായിരുന്നു അബ്ദു. അവൻ പല ദിവസവും ക്ലാസ്സിൽ പോകാറില്ലായിരുന്നു. ഒന്നാം ക്ലാസ്സിലെ വാർഷിക പരീക്ഷ വളരെ പാടുപെട്ടാണ് അബ്ദു ജയിച്ചത്.

രണ്ടാം ക്ലാസ്സിലെ ക്ലാസ്സ് ടീച്ചറായിരുന്നു വിജയകുമാരി ടീച്ചർ പഠിപ്പിച്ചുതരുന്ന അക്ഷരങ്ങൾ അബ്ദു പിറ്റേ ദിവസം തന്നെ മറക്കുമായിരുന്നു. അതിനാൽ തന്നെ ടീച്ചറുടെ ചൂരലിന്റെ രൂപം അവൻ നല്ലതുപോലെ അറിയാമായിരുന്നു. ഇത് അവന്റെ മടി വർദ്ധിപ്പിച്ചു.


നാളുകൾക്ക് ശേഷം അബ്ദുവിന് ഒരു അനിയൻ പിറന്നു. തനിക്കൊരു അനിയൻ പിറന്നതുകൊണ്ടു തന്നെ ആ ദിവസം ക്ലാസ്സിൽ പോകുന്നില്ലെന്ന് അവൻ തന്നെ തീരുമാനിച്ചു.

പിറ്റേ ദിവസം അബ്ദു ക്ലാസ്സിൽ ചെന്നപ്പോൾ ടീച്ചർ ക്ലാസ്സിലുണ്ടായിരുന്നു. കഴിഞ്ഞ ദിവസം ക്ലാസ്സിൽ വരാത്ത നാല് പേർ ടീച്ചറുടെ മുമ്പിൽ നിരന്ന് നിൽപ്പുണ്ട്. അൽപം ശൗര്യത്തോടെ ടീച്ചർ അബ്ദുവിനേയും പിടിച്ചു നിർത്തി. ശേഷം ഓരോരുത്തരെയായി ചോദ്യം ചെയ്യാൻ ആരംഭിച്ചു.

പലരും പല കള്ളങ്ങളും പറഞ്ഞു ആരാണെങ്കിലും അവരെയെല്ലാം ടീച്ചർ കയ്യോടെ പിടി കൂടി. ശിക്ഷയായി പുറം കാലിൽ നാലടി. അവസാനത്തേത് അബ്ദുവിന്റെ ഊഴമായിരുന്നു. അവൻ അൽപം പേടിയോടെയും നാണത്തോടെയും പറഞ്ഞു  " എന്റെ ഉമ്മ പ്രസവിച്ചു" ഒരു നിമിഷം നിശബ്ദമായ ക്ലാസ് പെട്ടന്ന് പൊട്ടിചിരിച്ചു. അൽപനേരം ടീച്ചറും ചിരിച്ചു. എന്നിട്ട് പറഞ്ഞു  "കുട്ടികളായാൽ ഇതുപോലെ സത്യം പറയണം" അവന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. പിറ്റേ ദിവസം മുതൽ അവൻ നെഞ്ച് ഞെളിച്ച് നടക്കാൻ തുടങ്ങി.

കൃത്യം ഒരാഴ്ച കഴിഞ്ഞു. അബ്ദു ആ ദിവസവും ക്ലാസ്സിൽ വന്നപ്പോൾ പതിവ് പ്പോലെ ചോദ്യം' ചെയ്യൽ ഉണ്ടായിരുന്നു. അവസാനം അവന്റെ ഊഴമായി. ടീച്ചർ ചോദിച്ചു "എന്താ വരാഞ്ഞത് ?"  അവൻ പെട്ടന്ന് കഴിഞ്ഞ ആഴ്ചത്തെ സംഭവം ഓർത്തു. അവൻ പറഞ്ഞു " എന്റെ ഉമ്മ പ്രസവിച്ചു "

അശ്വിൻ കെ വി
൯.B


പ്രിയ PT മാഷ്..
കുഞ്ഞിളം പ്രായത്തിൽ കുന്നു കേറി
കുഞ്ഞോമനകൾക്ക് കൂട്ട് നൽകി
കൂടിയും പാടിയും നാളു നീങ്ങി
കൂട്ടിനായ് പലരും സ്കൂളിലെത്തി
കാലത്തിൻ ചക്രം വേഗമോടി
കൂട്ടത്തിൽ പലരും വിട്ടകന്നു
കാലത്തിൻ സാക്ഷിയായി
കുന്നിൻ മുകളിൽ
അയ്യായ സ്കൂൾ മിഴിച്ച് നിന്നു
ഇന്നിതാ പൊടുന്നനെ കേട്ടിടുന്നു
ഒത്തിരി ഇഷ്ടമാം PT മാഷ്
കളി തീരും മുമ്പേ വിട്ടകന്നു
കുന്നോളം സ്നേഹം തന്ന്
യാത്രയായി ........
നിസാർ പകര

# പൂവ്

പച്ചില കൊമ്പിന്റെ അറ്റത്തായൊരു
മകുടം ചൂടിയ സുന്ദരി ഞാൻ
പലനിറം പൂക്കുന്ന പലവരും തേടുന്ന
മധുരമാം സുന്ദര സുരഭില ഞാൻ

തലയിലൊരു പൂന്തോട്ടം
വഴിയിലൊരു മഴവില്ല്
പലനിറം പൂക്കുന്ന
മധുരമാം സുന്ദരസുരഭിലഞാൻ

ശലഭത്തിൻ പ്രണയിനി
കാറ്റിന്റെ കിങ്ങിണി
മഴയുടെ വാത്സല്യ അനിയത്തി ഞാനാ
സൂര്യന്റെ ആദ്യത്തെ കണിക്കൊന്നയും

വേനലിനെന്തേ..ചുട്ടുക്കാറ്റിനെന്തേ
സുന്ദരിയാമെന്നെ വെറുക്കുന്നത്
അവരിലും സുന്ദരിയായതിനാലോ
**അവരേക്കാൾ പ്രൗഢിയായതിലോ**

**–സച്ചിൻ വി**

**9th E**

*i*

# *The Real Nature Queens*

*The sprouting is sprouting*
*The sun is shining*
*And the birds are singing*
*their own chase!*
*Their own pase!*

*The Doves are peace,*
*And the cocks are nice*
*They tend to sing a song*
*They behind their race*
*Relations are long*
*Behaviours are short*
*Their own place*
*Their own race*

*I listernd the sound*
*the pleasure plucked my mind!*
*Birds are equal nature queens*
*The real nature haeros*
*Birds trying to make the world beauty*

FREE WINGS  DIGITAL MAGAZINE



C P POCKER HAJI MEMORIAL HIGHER SECONDARY SCHOOL



# A PILLOW STORY

Once upon a time in CHENNAI city a boy named Vinu came for a job. He had attended the interview and he got the job. The boy became so tired that he a stayed in lodge. After he call his mom and said the happy news. Then he laid on the bed and hugged the pillow.

After a long time Vinu heard a sound, like a baby's voice. He looked the room fully. But he couldn't see any thing there. Once more came the voice. Vinu afraid and he asked "who is this? who is making this sound? "suddenly a voice from the pillow, "Don't be worry I'm not a ghost or not your enemy... I'm your friend"

"oh! god. I am surprised, a pillow can speak. How is it possible? "

Pillow answered for this question: yes, all pillow can speak, all have a life and all have a life story " The pillow's words surprised vinu and he asked "Then you also have a life story? " "yes, I have a life story " replied the pillow.

Vinu asked to the pillow "can I hear your life story? "

Pillow said: "ok, I born in a house, Leela made me and she used me ten years. The she sold me to a hawker. The hawker recycled me beautifully. Some one took me to cinema shooting place many actors used me for acting, sleeping and many things, Manju Varrier,

Nivin polly, Mohanlal, Mammootty etc... are used me. Many of them shared their happiest moments and sad moments. I didn't share my life story to any one. But now I'm so happy , I shared my story to you..."

Vinu asked to pillow "Is it all thing has one's story?

"Yes" replied pillow.

Vinu: "your story was amazing. You met actors and they shared their emotions to you. Pillows are very lucky."

Pillow: "No, some one killing persons with pillows.

Vinu: "oh! My time is over. I'm leaving the room. I need to go to railway station bye my dear... see you later.

"ok, bye my dear friend"

**KRISHNA THEERTHA .N.P**
**8 F**

# പ്രളയത്തിന് കാരണം

ഒരിക്കൽ കേരളമെന്ന സംസ്ഥാനത്തിലെ ജനങ്ങൾ സ്വാർത്ഥരാവുകയും മരങ്ങൾ മുറിച്ച് മാറ്റുകയും പുഴകളും, തോടുകളും, പാടങ്ങളുമെല്ലാം നികത്തി അവിടെ വലിയ വലിയ മാളുകളും ,കെട്ടിടങ്ങളും നിർമ്മിച്ചു.മരങ്ങൾ വെട്ടി മാറ്റിയതുകൊണ്ട് കാടുകളും നശിച്ചു.കാട്ടിലെ മൃഗങ്ങൾ നാട്ടിൽ ഇറങ്ങി. മനുഷ്യന്മാരെ ആക്രമിക്കുകയു ചെയ്തു.എന്നിട്ടും അവർ ക്രൂരതകൾ ചെയ്യുന്നത് നിർത്തിയില്ല.മതങ്ങളുടേയും പാർ ട്ടികളുടേയും മനുഷ്യർ തമ്മിൽ തമ്മിൽ വെട്ടി കൊല്ലുന്നു.തമ്മിൽ തമ്മിൽ യുദ്ധമുണ്ടാകുന്നത് കണ്ട് ഭൂമിദേവിക്ക് ഭാരം സഹിക്കാതെ വന്നപ്പോൾ ഭൂമിദേവി മനുഷ്യരോട് കോപിച്ചു അത് പ്രളയത്തിന്റെ രൂപത്തിൽ ആണെന്ന് മാത്രം..പ്രളയം വന്നപ്പോൾ മനുഷ്യർക്ക് മതഭേത ജാതി എന്നില്ലാതെ സ്നേഹിക്കാനും സഹായിക്കാനും തുടങ്ങി.പ്രളയം അവസാനിച്ചപ്പോൾ മനുഷ്യർ വീണ്ടും മരങ്ങൾ മുറിക്കാനും കെട്ടിടങ്ങൾ പണിയാനും തുടങ്ങി .

മനുഷ്യർ ഇത്രയേയൊള്ളൂ. മനുഷ്യരേക്കാൾ നല്ലത് മൃഗജന്തുക്കളാണെന്ന് നമ്മുക്ക് അതിലൂടെ മനസ്സിലാക്കാം. ഇതിൽ നിന്ന് നമ്മൾ മനസ്സിലാക്കുന്നത് പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കുക. ചെയ്താൽ ഭൂമിക്കും പ്രതികാരം ചെയ്യാനുള്ള അവസരം ഉണ്ടെന്ന് ഇതിലൂടെ മനസ്സിലാക്കുക

*"പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ ഒഴിവാക്കുക. പ്രകൃതിയെ സ്നേഹിക്കുക. പ്രകൃതിയെ അമ്മയെ പോലെ  കാണുക"*

FREE WINGS DIGITAL MAGAZINE



C P POCKER HAJI MEMORIAL HIGHER SECONDARY SCHOOL

# പ്രമോദ് സാറിനെ ഓർക്കുമ്പോൾ.....

ചിലരുടെ മരണം നമ്മുക്ക് ഉൾക്കൊള്ളാൻ കഴിയില്ല. അവർ ജീവിച്ചിരിക്കുന്നു എന്ന് തന്നെ നാം സങ്കൽപിക്കുന്നു. പ്രമോദ് മാഷും എന്റെ ഓർമകളിൽ മരണമില്ലാത്ത വ്യക്തിയാണ്.

സി.പി.പി.എച്ച്.എം ഹൈസ്കൂളിലേക്ക് ഞാൻ ആദ്യമെത്തിയ ദിനം ഓർമ്മയിലെത്തുന്നു. ഗ്രൗണ്ടിൽ കുട്ടികളെ പരിശീലിപ്പിച്ചു കൊണ്ടിരുന്ന മീശ പൊടിച്ചു തുടങ്ങിയ ചെറുപ്പക്കാരൻ അടുത്ത് വന്ന് പരിചയപ്പെട്ടു. അപ്പോഴാണ് എറ്റവും സീനിയർ അധ്യാപകരിൽ ഒരാളാണ് അദ്ദേഹമെന്ന്  മനസ്സിലായത്. കായികാധ്യാപകനായ അദ്ദേഹം കോഴിക്കോട്ടുകാരനാണെന്ന് മാത്രമല്ല അടുത്ത പ്രദേശക്കാരൻ കൂടിയാണ്. നാട്ടിൽ ഞാൻ പഠിപ്പിച്ചിരുന്ന പാരലൽ കോളേജിന്റെ പേരുപറഞ്ഞപ്പോൾ അദ്ദേഹം ഒരു കാര്യം വ്യക്തമാക്കി. ഒരു വർഷം ആ സ്ഥാപനത്തിൽ നിന്ന് വിനോദയാത്രപോയ ബസ്സിന്റെ ഉടമയും ഡ്രൈവറും താനായിരുന്നു എന്ന്.

അതെ, അതായിരുന്നു പ്രമോദ് സാർ. ഒരിക്കൽ പരിച്ചയപ്പെട്ടു കഴിഞ്ഞാൽ ഉറ്റ സുഹൃത്തായി മാറുന്നപ്രകൃതം . നിറചിരിയോടെയേ ആ മുഖം കണ്ടിട്ടൊള്ളൂ.

കായിക അധ്യാപകൻ എന്ന നിലയിൽ മാത്രമല്ല അദ്ദേഹം വിദ്യാലയത്തിൽ നിറഞ്ഞുനിന്നത്. സ്കൂളിന്റെ ഭരണരാഗം ഉൾപ്പെടെ എല്ലാ രാഗങ്ങലിലും ആ കണ്ണുകൾ എത്തിയിരുന്നു.പ്രാസംഗകൻ, അനൗൺസർ, പാട്ടുക്കാരൻ, നടൻ.... അങ്ങനെ വൈവിധ്യമാർന്ന മേഖലങ്ങളിൽ ആ വ്യക്തിമുദ്ര പതിഞ്ഞിട്ടുണ്ട്.

ക്രിസ്മസ് വന്നാൽ അപ്പൂപ്പനാവാനും ഓണം വന്നാൽ മാവേലി ആകാനും മാഷ് മടിക്കാണിച്ചില്ല ഷീജ ടീച്ചറുടെ നേതൃത്വത്തിൽ തയ്യാറാക്കിയ രണ്ട് ടെലിഫിലിമുകളിലും അദ്ദേഹത്തിന്റെ സജീവ പങ്കാളിത്വമുണ്ട്.'വർണ്ണങ്ങളില്ലാതെ'യിൽ എന്റെ വരികൾ ആലപിച്ചതും

**അതിനുവേണ്ടി സംഗീത സംവിധായകനെ കണ്ടെത്തുകയും പ്രമോദ് സാർ തന്നെ.കുട്ടികളോടൊപ്പം അഭിനയിക്കാനും അദ്ദേഹം തയ്യാറായി.ലിസമ്മയുടെ വീട്,സിറ്റി ഓഫ് ഗോഡ് എന്നീ ചലച്ചിത്രങ്ങളിലും അദ്ദേഹം വേഷമിട്ടു.**



**സ്കൂൾ സബ്ജില്ലാ,ജില്ലാ,സംസ്ഥാന കലോത്സവങ്ങളിൽ അലൗൺ സറായി പ്രമോദ് സാർ തിളങ്ങിയിട്ടുണ്ട്.സംസ്ഥാന സ്കൗട്ട് അസിസ്റ്റന്റ് ലീഡർ,തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലാ സ്കൗട്ട് ട്രെയിനിംഗ് കമ്മീഷണർ പ്രകടിപ്പിച്ച**

***കാലമെന്ന മായാജാലക്കാരൻ നമുക്കുമുന്നിൽ നിന്ന് ആരെയൊക്കെയോ അപ്രത്യക്ഷരാക്കിയിരിക്കുന്നു.പ്രമോദ് സാർ,ആ ചിരിക്കുന്ന മുഖം ഞങ്ങൾ മറക്കുന്നതെങ്ങനെ?***

# हमारा माता प्रकृति

मन में माता है प्रकृति......
स्रवजीवजासों को माता है प्रकृति
सुन्दर अच्छा प्रकृति माता-
वहुत सम्मान देती है ।

लेकिन....... मनुष्यों को अवगण
में माता नहीं उपद्रव करती हैं
लेकिन माता एक एक दिन में
हमको परीक्षण करता है कि
हमें किसने प्रकृति को संरक्षण ।

प्रकृति माता को नहीं करती ,
प्रकृति माता हमारा ईश्वर हें ।
लेकिन में उपद्रव करती
हमारा एक ईश्वर से नष्ट होता है ।

प्रकृति माता हमारा है
माता की बच्चों है हम.....।

रहादा वि
*9.बि*

FREE WINGS  DIGITAL MAGAZINE



C P POCKER HAJI MEMORIAL HIGHER SECONDARY SCHOOL

# SINGING BIRDS

*I am the beautiful bird in the world*
*my sound is the beautiful voice in the world*
*The sunrise happen by the singing.*
*Sunset also happen by beautiful voice*
*the whole world is wake up by my voice*

*the flowers are dancing with me*
*And the little breeze also enjoying the song*
*The big tree are shaking their branches*
*And small grass are clapping their hands.*
*The nature love my singing.*

*When I was sad the nature also sad*
*When I was happy the nature also happy.*
*At the time of my pleasant*
*All are happy with me.*
*I And my friends are also take that days*

*but all are changed*
*the human are vanished my family*
*I think that they are the destroyer of nature*
*nature is my family*
*now i can't happy with my family.....................Sivani . Tk*

# शरीरमाद्यं खलु धर्मसाधनम्।



SWATHI KRISHNA

**मा**नवसंस्कृतेः विकसितं चित्रं प्रथितानां ऋग्वेदादीनां तथा षडङ्गादीनां इतिहासापुराणादीनाम् अर्वाचीनानां च प्रामाण्य बलेनैव स्पष्टं द्रष्टुं शक्यते। अतः उच्यते एतद्देशप्रसूतस्य सकाशादेव सर्वमानवाः स्वकीयं चरित्रं शिक्षेरन्निति। परमपुरुषार्थप्रतिपादनपराः ऋषिमुनिप्रभृतयःइतरेषां धर्मार्थकामानामपि कल्पयन्ति योग्यं प्राधान्यम्। तत्र शरीरस्य प्रत्यङ्गस्यच रक्षणोपायान्नितरामन्विष्यतां 'स्थिरैरङ्गैस्तुष्टुवांसस्तनूभिः', 'आप्यायन्तु ममाङ्गानि वाक् प्राणश्चक्षुः', 'कुर्वन्नेवेहकर्माणिजिजीविषेत्शतंसमाः' आदीनि वैदिकानि वाक्यानि श्रूयन्ते। शीर्यते प्रतिक्षणमपचीयते इति शरीरमिति खलु शरीरशब्दस्यार्थः।

'धर्मार्थकाममोक्षाणामारोग्यं मूलमुत्तमम्।
रोगस्तस्यापहर्तारःश्रेयसो जीवितस्य च।।'

इति शरीरस्य आरोग्यस्य च प्राधान्यं चरकाचार्येण चरकसंहितायां प्रतिपाद्यते। 'स्वस्थे शरीरे स्वस्थं मनः', 'स्वस्थे मनसि दृढं ज्ञानं', 'दृढे ज्ञाने आनन्दानुभवः' इति परिकल्प्य सुखसाधनं सामान्यं शरीरमित्यङ्गीकृत्य शरीरसंरक्षणपोषणकार्यमुपलक्ष्य योगविद्यादीनां, आयुर्वेदादीनां, कर्मसम्प्रदायादीनाम्, आचारानुष्ठानानां च आविर्भावः अभवत्। शरीरस्य परमप्राधान्यद्योतकं वाक्यं भवति 'शरीरमाद्यं खलु धर्मसाधनम्' इति। काव्यसन्दर्भोऽपि शरीरसंरक्षणस्य प्राधान्यान्नातिरिक्तः।

शुद्धान्नपानादीनां शुद्धवाय्वोः, परिशुद्धचिन्तायाश्च बलेनैव भवति आरोग्यसम्पूर्णोपलब्धिः। अन्तरीक्षस्वच्छतासम्पादनेन, तथा वापीकूपतटाकनाळीजलस्रोतसां च नैर्मल्यापादनेन प्राणसम्बन्धस्य जलसम्बन्धस्य च दोषाणां परिहारः सुकरः एव। खाद्यवस्तूनां निर्माणं संरक्षणं च कृत्रिमरासवस्तूनांमिश्रणेन भवतीत्यतः विद्यासम्पन्नाः अपि मानवाः सर्वे विषभोगिनः एव परोक्षतया। विषास्वादनं क्लिष्टं विना सर्वेषां जीवितभागमभवत्। विषप्रसरणविपदः सगौरवचर्चा प्रचलति इत्येतत् ईषदाश्वासकरं भवति। तीव्रावबोधेनैव विषनिवारणप्रक्रिया शनैः शनैः सफला भवेत्। यदस्माभिर्भक्ष्यते तद्यावच्छक्यं स्वनिर्मितं स्वग्रामे उपलभ्यं विश्वासयोग्यं नव्यं वा भवतु यतो हि भक्षणशैलीव्यतियानमेव सर्वेषां रोगाणां परमनिदानं भवति।

अमिताहारः तज्जन्यं क्लेशाधिक्यं व्यायामराहित्यं च अनारोग्यहेतवः भवन्ति। अतः मिताहारः यथायोग्यं, यथाकालं यथादेशं च निश्चित्य स्वीक्रियते तदारोग्याय भविष्यति। कार्यालयीयवृत्तिः व्यावसायिकवृत्तिर्वा शरीरं स्थौल्यं नयति। गमन-धावनादिव्यापाराः क्रीडाः प्रायशः लुप्ताः भवन्ति इत्यतः हस्तपादाद्यङ्गानां दृढतां नाप्नोति। गृहोपकरणानां, कर्षिकोपकरणानां, यानानां च समुपलब्ध्या सर्वाणि कर्माणि ललितानि सुकराणि च भवन्ति। किन्तु, सौकर्यानुगुण्येन शरीरे रक्तसञ्चालनं, बलं वीर्यं वा च्युतं भवति। सौविद्यानां परित्यागः अप्रायोगिकश्चेदपि आरोग्यं परिलक्ष्य बहुविधाः क्रीडाः योगाभ्यासाः, स्नानशौचादिकं , चलनं, भोजनं, निद्रा इत्यादिकम् अवश्यानुसारं यथावत् कृत्वा कृत्वा सम्पूर्णारोग्यं परिपालयामः।।

'सर्वे भवन्तु सुखिनः सर्वे सन्तु निरामयाः।
सर्वे भद्राणि पश्यन्तु मा कश्चित् दुःखभाग्भवेत्।।'

# THE GREEDY DOG

Once there lived a dog. He was very hungry. He wandered  and search for food. He got a juicy bone from a butcher’s shop. He felt very happy. He reached on a bridge of a river. He saw his own shadow in the water. He thought that there was another dog with a juicy bone in his mouth watered and he wanted to snatch that bone from him. He started barking on him and as he opened his mouth,the bone fell down from his mouth in to the river.

Moral of the story is do not be greedy or greed is a curse.

SHIBLA .M.T

*VIII F*

# വേദന സംഹരികൾ ഹൃദയത്തെ വേദനിപ്പിക്കും

ചെറു ജലദോഷം വന്നാൽ പോലും വേദന സംഹാരികൾ കഴിക്കുന്നതാണ് പതിവ്.ഇത്തരം സ്വയം ചികിത്സ ഹൃദയാഘാതത്തിന് വഴിവെക്കുമെന്നാണ് തായ്‌വാൻ യൂണിവേഴ്സിറ്റി ഹോസ്പ്പിറ്റലിലെ ഗവേഷകരുടെ മുന്നറിപ്പ്. ഇവരിൽ ഹൃദയാഘാതത്തിനുള്ള സാധ്യത മറ്റുള്ള വരെക്കാൾ എത്രയോ മടങ്ങ് അധികമാണെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ ചെങ് യുങ് പറഞ്ഞു.

# മൂലകങ്ങളിലെ ഹീറോകൾ

ഓക്സിജൻ : ഹലോ കാർബൺ ,

കാർബൺ : ഹലോ ഓക്സിജൻ, നിന്നെ ഇപ്പോ
കാണാറില്ലല്ലോ

ഓക്സിജൻ : ഞാൻ ഭയങ്കര തിരക്കിലാണ്.
എല്ലാവർക്കും ഞാൻ അത്യാവശ്യമായി പോയില്ലേ

കാർബൺ : പക്ഷെ , നീ ഇങ്ങനെ ആണെങ്കിലും
ഞാൻ ആണല്ലോ മൂലകത്തിലെ ഹീറോ

ഓക്സിജൻ : ഉം........ പിന്നെ , നീ പ്രകൃതിക്ക്
ഹാനീകരമല്ലേ ദുഷ്ട്ടാ........ !!!

കാർബൺ : നീ എന്റെ മുന്നിൽ പുല്ലാണ്. നിനക്ക്
രുചിയും മണവും നിറവും ഇല്ലല്ലോ.........?

നൈട്രജൻ : ഓ...... ഒന്ന് നിർത്തോ ? രണ്ടുപേരും
കുറേ നേരമായല്ലോ തുടങ്ങിയിട്ട്.
നിങ്ങൾക്കിടയിൽ കിടന്ന് ഞാൻ
ശ്വാസം മുട്ടി തീരാറായി.

കാർബൺ : നിനക്ക് ശ്വാസം മുട്ടുന്നുണ്ടെങ്കിൽ നീ
ദൂരേ പൊയ്ക്കോ.......

നൈട്രജൻ : അങ്ങനെ പറയരുത് .
നമ്മളെല്ലാവരുടെയും
ഒത്തൊരുമായാണ് ഈ പ്രപഞ്ചത്തിൻ്റെ വിജയം

# ജലം അമൂല്യമാണ്...

മാർച്ച് 22 ലോക ജലദിനം.പൊള്ളുന്ന വെയിൽ ചൂടിന്റേയും വർധിച്ചുവരുന്ന ജലക്ഷാമത്തിന്റെയും ഈ വേളയിൽ ജല ചിന്തകൾക്ക് വലിയ പ്രാധാന്യമുണ്ട്.

ജീവിവർഗങ്ങളിൽ ജലം ഏറ്റവും ആവശ്യമുള്ളത് മനുഷ്യനു മാത്രമാണ്.കാലാവസ്ഥ മാറ്റങ്ങളും ജല ചൂഷണവും മറ്റുമായി ലോകമെങ്ങും നാൾക്കുനാൾ വെള്ളം വലിയ പ്രശ്നമായിത്തീരുകയാണ്.

ഐക്യരാഷ്ട്ര സഭയുടെ കണക്ക് പ്രകാരം ഇപ്പോൾ ലോകത്ത് 700 മില്യൻ ജനങ്ങൾ ജലക്ഷാമം നേരിടുന്നുണ്ട്.2025 ആകമ്പോഴേക്കും ഇത് 1.8 മില്യന് ആയിതീരും. 2030 ആകമ്പോഴേക്കും മനുഷ്യന്റെ ജല ആവിശ്യം ജല ലഭ്യതയുടെ 40 ശതമാനം അധികമായിരിക്കും. ആഫ്രിക്കൻ രാ ജ്യങ്ങളിലാണ് ജലക്ഷാമം വലിയ പ്രശ്നമായി നിലനിൽക്കുന്നത്.

ജലചൂഷണം,ജല ദുരുപയോഗം, ജല ഉറവകൾ നശിപ്പിക്കൽ, കുന്നിടിക്കൽ തുടങ്ങിയ തെറ്റായ നടപടികളാണ് ജലക്ഷാമത്തിന് കാരണമായിട്ടുള്ളത്.ജലക്ഷാമം പ്രശ്നമാണെങ്കിലും ഉപയോഗിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുക സാധ്യമല്ല.

# കാലമാം സാക്ഷി

അമ്മതൻ അമൃത സ്നേഹതാലോലം
എവിടെ പോയ് സ്നേഹതാളം
അഖിലം അറിയവേ ആ നൊമ്പരം
വിതുമ്പി കരയുന്ന അമ്മയും
പുഴ കരഞ്ഞു ചൊല്ലി
അമ്മതൻ മാറിടം കീറിപറിക്കുന്നതൻ മക്കൾ
എന്തിനീ ദുസ്യഭാവം മാറ്റുവിൻ
നിൻ തലമുറ വാഴവാലൻ
കാരണം അരുതെ നീ...
സൂര്യകോപം ജ്യലിച്ച നിൻ മുമ്പിൽ
ഭ്രാന്തനായ് അലയുന്ന മനുഷ്യൻ
താൻ ചെയ്ത ക്രൂരതയിൽ
തലകുനിക്കും ഒരുനാൾ
അന്നു നാം ഒറ്റ സ്യരത്തിൽ
പാടുമീ എൻ പ്രകൃതി അമ്മ....
കാലമാം സാക്ഷി
ജീവിതമാം മുദ്ര...

# മാലിന്യ മുക്ത കേരളം, ഒരു വിദൂരസ്വപ്നം

അനന്തവിശാലമായി നീലാകാശത്തിനു കീഴിൽ ഭാരതസാമ്രാജ്യാത്തിന്റെ തെക്കുപടിഞ്ഞാററുകിൽ ഒരു സുന്ദരിയുടെ ബ്യൂട്ടിസ്പോട്ട് പോലെ വിളങ്ങുന്ന കേരളത്തിൽ ഇന്ന് നാം കാണുന്നത് മാലിന്യകൂമ്പാരങ്ങളാണ്. മാലിന്യമുക്ത കേരളം കാലം  മാറുന്നതിനനുസരിച്ച് ഒരു വിദൂരസ്വപ്നമായി മാറികൊണ്ടിരുന്നു. ഓണവും പൂക്കളവും മറന്ന് മാറിക്കൊണ്ടിരിക്കുന്ന മലയാളികൾക്കനുസരിച്ച് മലയാളനാടും മാലിന്യങ്ങൾ നിറഞ്ഞ് ചവറ്റുകൂട്ടായി മാറുന്നു.

കാടും മലയും പുഴയും കായലും തൊടിയും എല്ലാം നൽകി പ്രകൃതി മാതാവ് അനുഗ്രഹിച്ച കേരളം. വിദേശികൾ ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്ന കേരളം ഇന്ന് പോയികൊണ്ടിരിക്കുന്നത് ദുർഘടമായ അവസ്ഥയിലേക്കാണ്. അനുദിനം കേരളത്തിന്റെ ശാലീന സൗന്ദര്യം നഷ്ടപ്പെടുന്നു. മലമുകളിൽ നിന്ന് ഒഴുകിവരുന്ന തണുത്ത ശുദ്ധജലം കടലിൽ ചെന്ന് പതിക്കുന്നു. പക്ഷെ ആ ജലം നാം മലിനമാക്കുന്നു. ബോട്ടുകളിൽ നിന്നും പോകുന്ന പെട്രോളും ഡീസലും ജലത്തെ കൂടുതൽ മലിനമാക്കുന്നു. അതും കൂടാതെ നാം  ഉപയോഗിച്ച്

ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക്ക് കുപ്പികളും ബാഗുകളും ജലത്തെ അതിഭീകരമായി നശിപ്പിക്കുന്നു. ജലം അമിതമാണെന്ന് പറഞ്ഞ് അതിനെ സംരക്ഷിക്കാൻ വേണ്ടി പോസ്റ്ററും പ്ലക്കാർഡും ഉണ്ടാക്കി സമരം ചെയ്യുന്ന ഈ മനുഷ്യകാലം തന്നെ അതിന്റെ ഘാതകൻ മാരാകുന്നു. വലിയ ബിൽഡിംങ്ങിൽനിന്നും, ഫാക്ടറികളിൽ നിന്നും വരുന്ന മലിനജലം പുഴ, തോട്, കായൽ, കടൽ എന്നിവയെ മലിനമാകുന്നു. ഇതിന്റെ പരിണാമമായി മൽസ്യസ്രോതസ്സിന് കുറവുണ്ടാകുന്നു. പല പുഴകളിലും മത്സ്യങ്ങൾ ചത്തുപോവുന്നു.

കേരളത്തിലെ 44 നദികളും അനുദിനം പ്ലാസ്റ്റിക്ക് കൊണ്ട് നിറയുന്നു. അതിഭീകരനായ ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്. ഇന്ന് ലോകം നേരിടുന്ന പ്രശ്നം പ്ലാസ്റ്റിക്ക് ആണ്. നൂറ്റാണ്ടുകൾക്കപ്പുറം കേരളം കണ്ട ഏറ്റവും വലിയ പ്രളയം അനുഭവിച്ചവരാണ് നാം. ആ പ്രളയം അവസാനിച്ചപ്പോൾ  നാം കണ്ട ദൃശ്യം മാനവരാശിയെ ഞെട്ടിപ്പിച്ചു. ഓരോ ദിവസവും നാം ഉപയോഗിച്ച് ജലസ്രോതസുകളിലേക്ക് എറിയുന്ന പ്ലാസ്റ്റിക്ക് വസ്തുകൾ പുഴ ഒരു അവസരം വന്നപ്പോൾ തിരിച്ചടിച്ചു. പ്ലാസ്റ്റിക്ക് അതിഭീകരനായ വില്ലനാണ്. പ്ലാസ്റ്റിക്ക് മണ്ണിൽ ലയിക്കുകയില്ല. അത് കത്തിച്ചാൽ പുറത്തുവരുന്ന കാർബൺ ഡൈ ഓക്സൈഡ്  ആഗോളതാപനം മുതലായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. അനുദിനം നാം പ്രകൃതിയോട് ചെയ്യുന്ന ക്രൂരപ്രവർത്തനത്തിന്

പ്രകൃതിക്ക് തിരിച്ചടിക്കാൻ അറിയാമെന്ന പാഠം പ്രളയം നമ്മെ പഠിപ്പിച്ചു.

ഉയർന്ന് വരുന്ന വായുമലിനീകരണം മനുഷ്യന്റെ ക്രൂരപ്രവർത്തിയുടെ ഫലമാണ്. നാം ഉപയേഗിക്കുന്ന വാഹനങ്ങളിൽ നിന്നും ഉയരുന്ന പുകയാണ് ഇതിന് കാരണം. പ്രാചീന കേരളം സുന്ദരവും ശാന്തിയുമുള്ളതായിരുന്നു. കേരളത്തിന്റെ ശാലീന സൗന്ദര്യം ഉയർത്തികാട്ടിയിരുന്ന വയലോലകളും,പച്ചപ്പട്ട് പരവതാനിയെ പോലെ തോന്നിപ്പിക്കുകയും ചെയ്തിരുന്ന പാടങ്ങളും,ഫലവൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ് നിൽക്കുന്ന തൊടികളും, പുഴകളും,തോടുകളും കേരള തനിമയോടെ പീലികാവടിയാടുന്ന നാളികേരദ്രുമങ്ങളും നൽകി പ്രകൃതി മാതാവ് അനുഗ്രഹിച്ചിരുന്ന കേരളഗ്രാമങ്ങൾ ഇന്ന് വെറും സ്വപ്നമാണ്.

കാടും,മലയും നശിപ്പിച്ച് വികസനത്തിന് പുറകെ ഓടുന്ന കേരളീയർ കേരളത്തിന്റെ അനുഗ്രഹമായ ഗ്രാമഭംഗിയും ഐശ്യര്യസമ്യതിയും ഓർക്കാതെ ആ അനുഗ്രഹ വസ്തുക്കൾ നശിപ്പിക്കാൻ മുന്നിട്ടുനിൽക്കുകയാണ്. വരും തലമുറക്ക് കാടും, മലയും, തോടും എല്ലാം ഒരു സ്വപ്നം പോലെയാകും. ഇപ്പോൾ നിലനിൽക്കുന്ന കുറച്ച് ഭംഗിയും സമൃദ്ധിയും നാളേക്ക് ഒരു സ്വപ്നം പോലെമായും.

പരിസരമലിനീകരണത്തിന് എതിരായ പ്രവർത്തനങ്ങൾ പങ്കാളികളാവാൻ നാം ഓരോ മലയാളികളും പ്രയത് നിക്കണം.കേരളത്തെ മാതാവായി കണ്ട് മാതാവിനെ ദ്രോഹിക്കുന്ന പ്രവർത്തനത്തിനെതിരെ ഒരു കൂട്ടമായി പ്രവർത്തിക്കാൻ ഭാവിതലമുറയോട് പറഞ്ഞുകൊടുക്കേണ്ട ഉത്തരവാദിത്വം നാം ഏവർക്കുമാണ്.കേരളതനിമയും കാത്തുസൂക്ഷിക്കുന്ന മനുഷ്യരായി മാറണം നാം ഓരോരുത്തരും.ഓരോ ഗ്രാമങ്ങൾ തോറും ചവറ്റുകുടകൾ നിക്ഷേപിക്കുകയും.മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും അത്യാവിശ്യമാണ്.നവ കേരളം മലിനമുക്തമാക്കാൻ നാമോരോരുത്തരും മനസ്സ് വെക്കണം.കഠിന പ്രയത്നമാണ് വിജയത്തിന്റെ അടിസ്ഥാനം.

മലരണികാടുകൾ തിങ്ങിനിറഞ്ഞ ഗ്രാമങ്ങളും മരതകകാന്തിയിൽ മുങ്ങിയ മലമ്പ്രദേശങ്ങളും വിവരിച്ച ചങ്ങമ്പുഴയെ നമുക്കോർക്കാം .ദൈവത്തിന്റെ സ്വന്തം നാടിനെ മലിനമുക്തമാക്കാൻ നാം പ്രയത്നിക്കണം. കേരളത്തിന്റെ ശാലീന സൗന്ദര്യം നിലനിർത്താൻ വേണ്ട പ്രവർത്തനങ്ങളിൽ നന്നായി പ്രയത്നിക്കാം നാം ഓരോരുത്തർക്കും.സഞ്ചാരികളുടെ പറുദീസയായ കേരളത്തെ മാലിന്യകൂമ്പാരത്തിൽ നിന്നും കരക്കേറ്റേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.

# WHEN THE DAYS

When the days
Are cold and cards
All fold and the saints
We see are all made of gold.
When your dreams
All fail the ones
we hail the worst, of all
And the birds run stale
I wanna hide truth
I wanna shelter you
but with best inside
There's nowhere we can hide
No matter what we bread
We still are made of greed
This is my kingdom come,
This is my kingdom come
When you feel my heat
look into my eyes
It's where my demons hide,
It's where my demons hide.
Don't yet too close
It's dark in side

It's where my demons hide,
It's where my demons hide.
When the curtains call
Is the last of all
When the light fade out
All the singers crawl.....

Shibla M T

# അനാഥ ബാല്യങ്ങൾ

നിന്റെ കണ്ണിലൂടെ ഞാൻ എന്റെ
ലോകം കണ്ടറിഞ്ഞു.വർണ്ണങ്ങൾ
ഒട്ടും വാരി വിതറിയില്ലെങ്കിലും
ഉള്ള വർണ്ണങ്ങൾ മനോഹരമാക്കി

സ്വന്തം ലോകത്തെ നിറമില്ലെങ്കലും
അമ്മയുടെ മണമുള്ള ലോകമാക്കി
മനസ്സിന്റെ ഏടുകൾ വലിച്ചു
കീറി പട്ടം പറത്താൻ

തിടുക്കപ്പെടുന്നു മറു ബാല്യം
അനാഥത്വത്തിൻ വാതിൽ തുറന്നു
പുറത്തേക്കു പോകുവാൻ കൊതിക്കുന്ന
കുഞ്ഞുമനസ്സ്

# ജയിൽ

പോലീസുകാരുടെ പാദമുദ്രകളും
ഗാനശകലങ്ങളും മന്ത്രിക്കപ്പെട്ട സ്നേഹവചനങ്ങളും
ഉറ്റുനോട്ടത്തിന്റെ മരണ മുഹൂർത്തവും
ഭയാനകമാണ് ആ നാലുകെട്ട്

അലറുന്ന രാത്രികളിൽ
വഴിതേടും ജയിൽ പാത
കൊലക്കയറുപ്പോൽ മെല്ലെ
കുരുങ്ങീടുന്നു.........

കുറ്റവാളിതൻ കൈപ്പടം
പടർന്നൊരാ ഭിത്തിയിൽ
അലറുന്ന അവർതന്റെ
നിലവിളികളോരോന്നായ്

ഇനിയും പടരും നിലവിളി
ആ പാതതൻ കീഴെ
ദിക്കിലായിന്നോരോ
കൈപ്രയോഗം.......

-അശ്വതി
10-B

# പ്രതികാരമല്ലതീൻ ജനങ്ങളേ...

അഴുക്കിനാലുള്ള വിഷമാർന്നൊരു
സിറിഞ്ചിതാ എൻനെഞ്ചിൽ
കുത്തിവെപ്പോ നിരന്തരം മനുഷ്യർ

വേദന കാരണം ഒഴുകിയെൻ
രക്തം മനുഷ്യർകിടയിലൊരു
പ്രളയമായി...............
ഇപ്പോളിതാ കരയുന്നു.
ഭൂമിതൻ നെഞ്ച് പിളർന്നിതാ
എന്ന് ക്രൂരമാകരണമെന്ന് തോന്നുന്നു.
ഇന്നീ മനുഷ്യർക്ക്...........

ഫാക്ടറികൾ പൊങ്ങിയുയർന്നിതാ
ആ കാലം മുതൽ പുഴയിതാ-
യെന്നും തേങ്ങികരയുന്നു.......
തേങ്ങലിൻ അലകളായി
പുഴയിതാമെന്നുമോർക്കുന്നു.
തനിക്കായ് സ്നേഹം
ചൊരിഞ്ഞൊരാ ഭൂതകാലം.

ഇന്നിതാ ഞാന്നൊരു പൊട്ട-
കിണറിൽ സ്ഥാനം പോലുമി-
ല്ലാത്തെയായ്....തീർന്നിട്ടുന്നു...
പ്രളയമെന്ന വാക്കുകളിൽ
തെളിഞ്ഞിതെൻ ക്രൂരത-
യല്ലതെന് പ്രിയ ജനങ്ങളേ....
ത്യാഗം സഹിച്ച ആ കാലമതോർത്തൊന്നുവ
വെന്തുനീറിയതാണെൻ ജനങ്ങളേ..............

# പ്രപഞ്ചം സ്കാൻ ചെയ്യാം

റഷ്യയുടെ തന്ത്രപ്രധാനമായ ബഹിരാകാശ ദൗത്യങ്ങളിലൊന്നിന് ശനിയാഴ്ച്ച തുടക്കമായി. കസാഖ്സ്ഥാനിലെ ബയ്ക്കന്നൂറിൽ നിന്ന് ശക്തിയേറിയ എക്സറേ ദൂരദർശിനി സ്പെക്ടർ ആർ.ജി വിജയകരമായി വിക്ഷേപിച്ചു. പ്രപഞ്ചത്തിന്റെ രഹസ്യങ്ങൾ കൂടുതൽ മനസിലാക്കുന്നതിനു സ്പെക്ടർ ആർ.ജി സഹായിക്കുമെന്ന് ഗവേഷകർ പറഞ്ഞു. ജർമനിയുമായി ചേർന്ന് റഷ്യ വികസിപ്പിച്ചെടുത്ത സ്പെക്ടർ ആർ.ജി 'റഷ്യൻ ഹബിൾ' എന്നാണ് അറിയപ്പെടുന്നത്.തമോഗർത്തം അടക്കമുള്ള പ്രപഞ്ചത്തിലെ എക്സറേ സ്രോതസുകളേ തിരിച്ചറിയുകയാണ് പ്രധാന ദൗത്യം

# മാനത്തെ മായാജാലം

സൂര്യന് അഭിമുഖമായി മഴ പെയ്തുകൊണ്ടിരിക്കുമ്പോൾ ആണല്ലോ മഴവില്ല് ഉണ്ടാകുന്നത്.ഇരുണ്ട മഴത്തുള്ളിയുടെ പുറം ഭാഗത്ത് സൂര്യരശ്മി പതിക്കുമ്പോൾ അത് ആവർത്തനം ചെയ്തിട്ട് ചിതറുകയും വിവിധ വർണ്ണങ്ങളായി വേർതിരിയുകയും ചെയ്യുന്നു.

മഴവില്ലിൽ നാം ദർശിക്കുന്ന ഓരോ വർണ്ണവും ഒരു പ്രത്യേക കോണിൽ കൂടി നമ്മുടെ കണ്ണുകളിൽ എത്തുന്ന പ്രകാശ രശ്മികൾ രൂപപ്പെടുന്നവയാണ്.ഈ കോണുകൾ ഒരിക്കലും വ്യത്യാസപ്പെടുന്നില്ല.മഴവില്ലിൽ ഏറ്റവും മുകളിൽ പ്രത്യക്ഷപ്പെടുന്ന നിറം ചുവപ്പായിരിക്കുന്നത് മഴത്തുള്ളിയുടെ ആ ഭാഗം നിങ്ങളുടെ കണ്ണിൽ നിന്ന് ഏതാണ്ട് 42 ഡിഗ്രി കോണിലായിരിക്കുന്നത് കൊണ്ടാണ്.42 ഡിഗ്രി കോണിൽ സൂര്യനും മഴത്തുള്ളിയും നിരീക്ഷകനും വന്നാലേ മഴവില്ല് ദൃശ്യമാവുകയുള്ളൂ.

# മേഘ വിസ്ഫോടനം

വളരെ കുറഞ്ഞ സമയത്തിനകം ഒരു ചെറിയ പ്രദേശത്തുണ്ടാകുന്ന അതിശക്തമായ പേമാരിയാണ് മേഘ വിസ്ഫോടനം.മണിക്കൂറിൽ 100 മില്ലീമീറൽ കൂടുതൽ മഴ ഒരു സ്ഥലത്തു ലഭിച്ചാൽ അതിനെ മേഘ വിസ്ഫോടനം എന്നു വിളിക്കാം.കാലവർഷത്തിൽ പതിവില്ലാത്ത മേഘവിസ്ഫോടനം ഇക്കുറി കേരളത്തിൽ മൂന്നിടത്ത് ഒരേ ദിവസമുണ്ടായതായി ശാസ്ത്രജ്ഞർ.വടക്കൻ കേരളത്തിൽ അതി തീവ്രമായയി പെയ്തു.ഓാഗസ്റ്റ് എട്ടിന് വയനാട്,കോഴിക്കോട്,ഇടുക്കി എന്നിവിടങ്ങളിലാണ് ഈ പ്രതിഭാസമുണ്ടായത്.ഈ സ്ഥലങ്ങളിലെല്ലാം പ്രത്യേക സവിശേഷതകളുള്ള മേഘക്കൂട്ടങ്ങൾ [ക്ലൗഡ് ക്ലസ്റ്റർ] കാണപ്പെട്ടിരിക്കുന്നു.തുലാവർഷത്തിലും വേനൽമഴയിലും ചിലപ്പോൾ മേഘവിസ്ഫോടനങ്ങൾ ഉണ്ടാകാറുണ്ട്.കാലവർഷത്തിൽ ഇത് സംഭവിക്കാറില്ല.മേഘങ്ങൾക്കുണ്ടാകുന്ന ഘടനമാറ്റമാണിതിന് കാരണം

# ലക്ഷ്യം ബഹിരാകാശം

ബഹിരാകാശ പഠനം-ഗവേഷണരംഗത്ത് വലിയ കുതിച്ചു ചാട്ടത്തിനൊരുങ്ങി ഇന്ത്യ.രാജ്യം സ്വന്തമായി ബഹിരാകാശനിലയം സ്ഥാപിക്കുമെന്നും 2022-ലെ സ്വാതന്ത്ര്യദിനത്തിൽ മൂന്ന് ഇന്ത്യക്കാരെ ബഹിരാകാശത്തേക്കയക്കുമെന്നും ആണവോർജ്ജ-ബഹിരാകാശ സഹമന്ത്രി ഡോ.ജിതേന്ദ്ര സിങ് അറിയിച്ചു

'ഗഗൻയാൻ' പദ്ധതിക്കായി ആറുമാസത്തിനകം ഐ.എസ്.ആർ.ഒ ചെയർമാന്റെ നേതൃത്വത്തിലുള്ള ശാസ്ത്രജ്ഞർ സഞ്ചാരികളെ തിരഞ്ഞെടുക്കും.വനിതയും ഉൾപ്പെട്ടേക്കാം.ഇവർക്ക് രണ്ടുവർഷം വരെ നീളുന്ന പരിശീലനം നൽകും.2022-നുമുമ്പ് രണ്ടുതവണ ആളില്ലാതെ പരീക്ഷണം നടത്തും.2030-ൽ സ്വന്തമായൊരു ബഹിരാകാശ നിലയം യാഥാർഥ്യമാക്കാനാണ് ലക്ഷ്യം.

# അന്ധതയുടെ കുരിരുട്ടിലേക്ക്

കിഴക്കൻ ചക്രവാളത്തിൽ നിന്നും ഒരു കുഞ്ഞുപ്രഭ ഉദിച്ചുവന്നു. ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടിന്റെയും ഭാരവും ചുമന്ന് ഒരാൾ വയലിലൂടെ നടന്നുപോകുന്നു.വൈകല്യം ബാധിച്ച കാലുകൾ കൊണ്ട് അയാൾ വേച്ച് വേച്ച് നടന്ന് ബസ്സ് സ്റ്റോപ്പിലെത്തി. ചീറിപാഴുന്ന വാഹനങ്ങളുടെ ശബ്ദവും പൊടിപടലവും. പക്ഷെ ചന്ദ്രനെ അസ്വസ്ഥനാക്കിയത് മകളെ കുറിച്ചുള്ള ചിന്തകൾ മാത്രമായിരുന്നു. നാളെ മണിക്കുട്ടിയുടെ ഒന്നാം പിറന്നാൾ ആണ്. ഞാൻ കൊണ്ട് പോകുന്ന സാധനങ്ങൾ അവൾക്ക് ആ ഇരുട്ടുമൂടിയ ജീവിതത്തിൽ എങ്ങനെ ആസ്വദിക്കാൻ ആകും.

ഉരച്ചുകൊണ്ട് മന്നാനി ബസ്സ് വന്നുനിർത്തി. ബസ്സിൽ കയറി അടുത്ത്കിട്ടിയ സീറ്റിൽ ഇരുന്നു. ഒന്ന് മയങ്ങാമെന്ന് കരുതിയെങ്കിലും ഉറക്കം വന്നില്ല. എല്ലാം പിറകിലോട്ട് ഓടിമറയുന്നു. ഇന്നലെ ഒരുപോള കണ്ണടച്ചിട്ടില്ലായിരുന്നു. മയക്കത്തിലും മകളെകുറിച്ചുള്ള ചിന്തകൾ മാത്രമായിരുന്നു.പിറന്നാൾ സാധനങ്ങൾ വാങ്ങാൻ പോലും കടം വാങ്ങിക്കേണ്ടിവന്നു. കുറ്റൻ ബിൽഡിങ്കളുടെ അരികിൽ ബസ്സ് നിർത്തി. മുന്നിൽ കണ്ട ടെക്സ്റ്റയിലിലേക്ക് ചന്ദ്രൻ നടന്നു. ഈ കുഞ്ഞുങ്ങളുടെ ഉടുപ്പ് എവിടെ ചന്ദ്രൻ ചോദിച്ചു. മുകളിലാ കടയുടമ മറുപടി നൽകി പയ്യെ ഓരോപടികളും കയറി മുകളിലെത്തി. മുന്നിൽ കണ്ട മഞ്ഞയുടുപ്പ് എടുത്തുനോക്കി. ഇതെടുക്കാം മണിക്കുട്ടിക്ക് ഏറെ ഇഷ്ടമാകും.പക്ഷെ അവൾഎങ്ങനെയാ ഇതിന്റെ ഭംഗി അറിയാ... ചന്ദ്രനെ ചിന്തകൾ കൂടുതൽ

നിരാശയിലേക്ക് താഴ്ന്നി. നിറഞ്ഞ കണ്ണുകളോടെ കാശ് കൊടുത്ത് ഉടുപ്പ് വാങ്ങി.

ശേഷം കളിപ്പാട്ടങ്ങൾ വാങ്ങാനായി ഒരു ഫാൻസി കടയിൽ കയറി. മഞ്ഞ നിറത്തിലുള്ള ഒരു പാവയുടെ അടുത്തേക്കാണ് ചന്ദ്രന്റെ കണ്ണുകൾ ആദ്യം ചലിച്ചത്. അതെടുക്കാനായി ചെന്നപ്പോഴാണ്  തൊട്ട് അടുത്തായി അതേ പാവകൊണ്ട് ഒരു പെൺകുട്ടി കളികുന്നത് കണ്ടത്. നിറഞ്ഞ കണ്ണുകളോടെ മണിക്കുട്ടിയുടെ ചിന്ത തന്റെ മനസ്സിലേക്ക് ഓടിയെത്തി. പാവയും പിന്നെ മണികിലുക്കവുമുള്ള വെള്ളി പാദസരവും വാങ്ങി. ബർത്ത് ഡേ കേക്ക് വാങ്ങികാനായി ബേക്കറിയിലോട്ട് പോയി. കേക്ക് വാങ്ങിച്ച് തന്റെ വീട്ടിലേക്ക് മടങ്ങി.

ബസ്സിറങ്ങി വീട്ടിലേക്ക് നടന്നു. വേലിക്കരികിൽ എത്തിയപ്പോൾ ഒരാൾക്കൂട്ടം കണ്ടു. അവരെല്ലാം എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. വീട്ടിൽ നിന്നും ഭാര്യകല്ല്യാണിയുടെ കരച്ചിൽ കേട്ടു. മോളെ... കണ്ണ് തുറക്ക്... അമ്മ അല്ലെ പറയുന്നത്, കണ്ണുതുറക്ക് മോളെ. കല്യാണിയുടെ കരച്ചിൽ കേട്ടതും കൈയിൽ ഉണ്ടായിരുന്ന സമ്മാനങ്ങൾ താനെ നിലത്തോട്ടു വീണു. ചന്ദ്രനും തലകറങ്ങിവീണ് മകളോടൊപ്പം യാത്രയായി. തൊട്ടടുത്ത പറമ്പിൽ അച്ഛനെയും മകളെയും അടക്കം ചെയ്ത് എല്ലാവരും പിരിഞ്ഞ് പോയി. ഭ്രാന്ത് പിടിച്ച നിലയിൽ ആ വിധവയും കൊച്ചു വീടും മാത്രം ബാക്കിയായി.

തെസ്നി        10.B


little KITEs
സിപിപിഎച്ച്എംഎച്ച്എസ്സ്
അവതരിപ്പിക്കുന്നു
എന്റെ അമ്മ  സ്മാർട്ട് അമ്മ
അമ്മമാർക്കുള്ള ഐടി പരിശീലനം
31-10-2019
THURSDAY
KITE VICTERS
SAMAGRA



FREE WINGS  DIGITAL MAGAZINE






**C P POCKER HAJI MEMORIAL HIGHER SECONDARY SCHOOL**


ലഹരി മരുന്നല്ല
രോഗമാണ്
24



i






ചാന്ദ്രദിന
ക്വിസ്












1-13 R9 10I
14-21 R10 10J
22-26 R-22 9K
27-36 R-23 8A
37-46 R-24 8B
IXE





ഞങ്ങളുടെ ഈ സംരംഭം അങ്ങയുടെ ഓർമ്മകൾക്കുമുമ്പിൽ രണ്ടുതുള്ളി കണ്ണീരോടൊപ്പം സാദരം സമർപ്പിക്കുന്നു.............